


# ദർശനം

ഞാനിരിപ്പൂ വിജനമീരാവിൽ
ആരുമാരു, മറിയാത്ത കോണിൽ.

മിന്നി മിന്നിത്തെളിഞ്ഞു നില്‌ക്കുന്നു
വിണ്ണിലങ്ങൊരു താരക മാത്രം.

ദൂരെ നിന്നുമിഴഞ്ഞു നീങ്ങുന്നു
നീലമേഘക്കീറൊന്നല്ലനേകം.

എങ്കിലുമീയിരുളിലിവിടെ
മുന്തിരിച്ചാറും കൈകളിലേന്തി

കണ്ണടച്ചും വിദൂരമാമേതൊ
ചക്രവാളങ്ങൾക്കപ്പുറം കണ്ടും

ഞാനിരിപ്പൂ വിജനമീരാവിൽ
ആരുമാരുമറിയാത്ത കോണിൽ.

ആരിതാരു തുഴഞ്ഞു വരുന്നു
ആരിതാരു തളർന്നു വരുന്നു?

മുഗ്‌ദ്ധ കിന്നര കന്യകൾ ചൂഴും
കല്‌പടവിന്റെ ചാരത്തു കൂടെ

നാണമാർന്നു കുണുങ്ങിയൊഴുകും
കാനനച്ചോല തൻമാറിലൂടെ

ആരിതാരു തുഴഞ്ഞു വരുന്നു
ആരുമാരുമറിയാതരികിൽ!

മുഗ്‌ദ്ധലാവണ്യപൂരമേ! മുന്നം
കണ്ടിരിക്കുന്നു നിന്നെ ഞാൻ നൂനം.

ഭൂതകാലത്തിൻ നീണ്ടു വളഞ്ഞു
പോകുമേതോ നടപ്പാതയിക്കൽ

കണ്ടുമുട്ടിയോ ഞങ്ങളൊരിക്കൽ?
കണ്ടതാണോ കിനാവിൽ ഞാൻ നിന്നെ?

കാലിടറി ഞാൻ വീണു പോയപ്പോൾ
കൈയ്പിടിച്ചു കയറ്റുവാനായി

മൂകയായ്, കരുണാർദ്രയായെന്റെ
ചാരെ നിന്നതു നീയായിരുന്നോ?

അർദ്ധബോധത്തിൽ നിന്നുമുണർന്നു
നെറ്റിയിൽ വച്ചുകെട്ടോടു കൂടി

മെല്ലെ മെല്ലെ മിഴികൾ തുറക്കെ
കണ്ടതാണോ ഞാനീമുഖമെന്നോ?

മുഗ്ദ്ധ ലാവണ്യപൂരമേ! നൂനം
കണ്ടിരിക്കുന്നു നിന്നെ ഞാനെന്നോ!

എന്റെ പാതയിൽ ചെമ്പട്ടു നീർത്താൻ
പുഞ്ചിരിച്ചു സുഹൃത്തുക്കൾ നില്ക്കെ

അങ്ങകലെ, യൊഴിഞ്ഞൊരു കോണിൽ
വന്നു നിന്നുവോ നീയേകയായി?

ഭാവി മന്ദഹസിച്ചപ്പോൾ, മുന്നിൽ
ഭാവുകങ്ങൾ നിരന്നു നിന്നപ്പോൾ

രണ്ടു കണ്ണുനീർത്തുള്ളികളിറ്റു
നിന്നുവോ നിന്റെ കണ്ണിണയിങ്കൽ?

മുഗ്ദ്ധലാവണ്യപൂരമേ! നൂനം
കണ്ടു ഞാൻ നിന്റെ ശാലീന രൂപം.

ഞാനറിയുന്നിതേകാന്ത ശാന്തം
ലോകമാകെയുറങ്ങുമീരാവിൽ

ഞാനറിയുന്നു നീയെന്നരികിൽ
ചേർന്നു നില്ക്കുന്നൊരിപ്പാതിരാവിൽ

ഞാനറിയുന്നു ഞാനറിയാതെ
മൂകദുഃഖമായ് വാഴ്വു നീയെന്നിൽ. ■